# മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി: ഉദ്ഘാടനം നവംബറിൽ

പറവൂർ ● കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സംയുക്ത സംരംഭമായ മുസിരിസ് പൈതൃക സംരക്ഷണ പദ്ധതി നവംബറിൽ ഉദ്ഘാടനം ചെയ്യാൻ ചീഫ് സെക്രട്ടറി ഇ.കെ. ഭരത്ഭൂഷന്റെ നേതൃത്വത്തിൽ ചേർന്ന ഉന്നതതല യോഗത്തിൽ തീരുമാനമായി. പദ്ധതിയുടെ ഭാഗമായി നവീകരണ നിർമാണ പ്രവർത്തനങ്ങൾ നടക്കുന്ന കൊടുങ്ങല്ലൂർ, കോട്ടപ്പുറം, പറവൂർ, ഗോതുരുത്ത് എന്നിവിടങ്ങളിൽ ചീഫ് സെക്രട്ടറി സന്ദർശനം നടത്തി. കണ്ണൻകുളങ്ങരയിലെ വിസിറ്റേഷൻ സെന്ററിന്റെ നിർമാണവുമായി ബന്ധപ്പെട്ട് തിരുവിതാംകൂർ ദേവസ്വം ബോർഡുമായി ചർച്ച നടത്തി പദ്ധതി നടപ്പാക്കാൻ ചീഫ് സെക്രട്ടറി നിർദേശം നൽകി.

പറവൂർ എംഎൽഎ വി.ഡി. സതീശൻ, ടൂറിസം സെക്രട്ടറി സുമൻ ബെല്ല, ടൂറിസം ഡയറക്ടർ എസ്. ഹരികിഷോർ, സ്പെഷൽ ഓഫിസർ കെ.എസ്. ഷൈൻ, മുസിരിസ് പ്രോജക്ട് കൺസൾട്ടന്റ് ബെന്നി കുര്യാക്കോസ് എന്നിവരുടെ സാന്നിധ്യത്തിലാണ് പദ്ധതിയുടെ അവലോകന യോഗം നടന്നത്.

കേന്ദ്ര സർക്കാരിന്റെ രണ്ടാംഘട്ട ഫണ്ട് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കാൻ ചീഫ് സെക്രട്ടറി ടൂറിസം സെക്രട്ടറിക്ക് നിർദേശം നൽകി. പദ്ധതിയുടെ ഭാഗമായി മുസിരിസ് മേഖലയിൽ ആരംഭിക്കുന്ന മ്യൂസിയങ്ങളുടെ നിർമാണവും അടിയന്തരമായി പൂർത്തിയാക്കുമെന്ന് ഇ.കെ. ഭരത് ഭൂഷൻ ഉറപ്പു നൽകി.

ഇടക്കാലത്തു മന്ദഗതിയിലായ മുസിരിസ് പദ്ധതിക്ക് പുത്തൻ ഉണർവാണു ചീഫ് സെക്രട്ടറിയുടെ സന്ദർശനത്തോടെ ലഭിച്ചിരിക്കുന്നത്. ഇ.കെ. ഭരത് ഭൂഷൺ കേന്ദ്ര ടൂറിസം ജോയിന്റ് സെക്രട്ടറിയായിരുന്ന കാലത്താണ് പദ്ധതിക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിരുന്നത്.



ചീഫ് സെക്രട്ടറി ഇ.കെ ഭരത്ഭൂഷന്റെ നേതൃത്വത്തിലുള്ള സംഘം മുസിരിസ് പൈതൃക മേഖല സ
ശിക്കുന്നു. ടൂറിസം സെക്രട്ടറി സുമൻ ബെല്ല, വി.ഡി സതീശൻ എംഎൽഎ തുടങ്ങിയവർ സമീപം.